**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1800** **04-02-2026-ൽ മറുപടിയ്ക്ക്**

**ഏകീകൃത അക്കാദമിക കലണ്ടർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. കെ. ടി. ജലീൽ

ശ്രീ. എം. വിജിൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഏകീകൃത അക്കാദമിക കലണ്ടർ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവന്നത്; വ്യക്തമാക്കാമോ;

**മറുപടി:** നാലുവർഷ ബിരുദപദ്ധതി (FYUGP) നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർവകലാശാലകളിൽ പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുള്ള ഏകീകൃത അക്കാദമിക്-പരീക്ഷാ കലണ്ടർ അനുസരിച്ച് സംസ്ഥാനത്തെ സർവകലാശാലകളിലെ എല്ലാ അക്കാദമിക് പ്രവർത്തനങ്ങളും ഏകോപിതമായ രീതിയിൽ നടന്നു വരുന്നു.

പരീക്ഷകളും ഫലപ്രഖ്യാപനവും കൃത്യസമയത്ത് നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഏകീകൃത അക്കാദമിക് കലണ്ടർ സഹായകരമായിട്ടുണ്ട്. പരീക്ഷാ നടപടികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തതോടെ, പരീക്ഷ കഴിഞ്ഞ് ഒരാഴ്ച്ച മുതൽ പരമാവധി ഒരു മാസത്തിനുള്ളിൽ തന്നെ ഫലങ്ങൾ പ്രസിദ്ധീകരിക്കാൻ സർവ്വകലാശാലകൾക്ക് സാധിക്കുന്നുണ്ട്.

സർവകലാശാലകളിൽ നടപ്പാക്കിയ K-REAP സോഫ്റ്റ് വെയർ മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ ഫലം ഉടൻ തന്നെ മൊബൈൽ ആപ്പിലൂടെ ലഭ്യമാക്കുന്നതിനും അവരുടെ മാർക്ക് ലിസ്റ്റ് ഉടൻ തന്നെ ഡൗൺലോഡ് ചെയ്തു എടുക്കാനും സാധിക്കുന്നു. പലപ്രഖ്യാപനത്തിനു ശേഷം മാർക്ക് ലിസ്റ്റ് കിട്ടാനുള്ള കാലതാമസവും ഒഴിവാക്കാൻ സാധിച്ചു.

**(ബി)** കേരള റിസോഴ്സസ് ഫോർ എജ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ്(കെ-റീപ്പ് )-ന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** സർവകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കെ-റീപ്പ് എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനായി ASAP Kerala യുമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2024-25 അധ്യായന വർഷം മുതൽ കണ്ണൂർ സർവ്വകലാശാലയിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ശ്രീ ശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലകളിൽ

K-REAP പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. മഹാരാജാസ് കോളേജ് എറണാകുളം, കാലിക്കറ്റ് സർവ്വകലാശാല, കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

നാലുവർഷം ബിരുദ പ്രോഗ്രാം മുന്നോട്ടുവയ്ക്കുന്ന ഫ്ലെക്സിബിൾ സെലക്ഷൻ, മേജർ മൈനർ മാറ്റങ്ങൾ, വിവിധ സർവകലാശാലകളുടെയും കോളജുകളുടെയും ക്രെഡിറ്റുകൾ സംയോജിപ്പിച്ച് ബിരുദം നേടൽ, ക്രെഡിറ്റ് ട്രാൻസ്ഫർ, സർവകലാശാല മാറ്റം എന്നിവ നടപ്പിലാക്കാൻ സംവിധാനം വളരെ ഫലപ്രദമാണ്. വിദ്യാർത്ഥികൾക്ക് ഈ കാര്യങ്ങളെല്ലാം അവരുടെ മൊബൈലിൽ ലഭ്യമാകുന്ന വിധത്തിലുള്ള മൊബൈൽ ആപ്പ് സംവിധാനം വരെ ഉൾപ്പെടുത്തിയാണ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്. മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾക്കുള്ള സൗകര്യങ്ങളും സംവിധാനത്തിൽ ലഭ്യമാണ്.

**(സി)** ഏകീകൃത അക്കാദമിക കലണ്ടറും കെ-റീപ്പും നടപ്പിലാക്കാൻ നിലവിലെ സർവ്വകലാശാല ചട്ടങ്ങളിലും ഓഫീസ് നടപടിക്രമങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഏകീകൃത അക്കാദമിക കലണ്ടറും കെ-റീപ്പും നടപ്പിലാക്കാൻ നിലവിലെ സർവ്വകലാശാല ചട്ടങ്ങളിലും ഓഫീസ് നടപടിക്രമങ്ങളിലും മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല.

**സെക്ഷൻ ഓഫീസർ**